# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.869 10.06.2019-ൽ മറുപടിയ്ക്ക്

## കലാകാരൻമാരുടെ ക്ഷേമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. ജോയി : | **ശ്രീ.എ.കെ. ബാലൻ<br>പട്ടിക ജാതി പട്ടികവർഗ്ഗ<br>പിന്നോക്ക സമുദായ ക്ഷേമവും നിയമവും<br>സാംസ്കാരികവും പാർലമെന്ററികാര്യവും<br>വകുപ്പ് മന്ത്രി** |
| ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കലാകാരന്മാരുടെ ക്ഷേമം നിലനിർത്തുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും നൽകി വരുന്ന പ്രതിമാസ സാമ്പത്തിക സഹായമായ കേരള സംസ്ഥാന കലാകാര പെൻഷൻ 750 രൂപയിൽ നിന്നും 1500 രൂപയായി വർദ്ധിപ്പിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 569 കലാകാരന്മാർക്ക് പുതുതായി കലാകാര പെൻഷൻ അനുവദിച്ചിട്ടുണ്ട്. അശരണരും രോഗബാധിതരുമായ കലാകാരന്മാർക്ക് അടിയന്തിര ചികിത്സാധന സഹായം നൽകുന്ന പദ്ധതി പ്രകാരം 129 കലാകാരന്മാർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.<br>ഗ്രാമീണ കലാകാരന്മാരുടെയും കരകൗശല വിദഗ്ധരുടെയും പ്രാദേശിക നൈപുണ്യം ശക്തിപ്പെടുത്തുക, കലാകാരന്മാർക്കും കരകൗശല വിദഗ്ധർക്കുമായി നൈപുണ്യ പ്രദർശന വേദികൾ ഒരുക്കുക, കരകൗശല കലാകാരന്മാരെ സംബന്ധിച്ച സ്ഥിതി വിവര കണക്കുകൾ നൽകുക എന്നിവയ്ക്കായി കലാകാരന്മാർക്കുള്ള ഉപജീവനവും പ്രാദേശിക ആർട്ട് ഹബ്ബുകളും എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.<br>കലാ പ്രവർത്തനങ്ങൾക്ക് പൊതു ഇടങ്ങൾ ലഭ്യമല്ലാത്ത ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും സൗകര്യപ്രദമായ പാതയോരങ്ങൾ കണ്ടെത്തി സാംസ്കാരിക ഇടനാഴികളായി വികസിപ്പിക്കാൻ ഉദ്ദേശിച്ചുള്ള നാട്ടരങ്ങ് എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും വിവിധ കലകൾ അഭ്യസിച്ചിട്ടുള്ള ആയിരം യുവകലാകാരന്മാരെ തെരഞ്ഞെടുത്ത് പ്രതിമാസം 10,000/-രൂപ സാംസ്കാരിക വകുപ്പും 5,000/- രൂപ തദ്ദേശ സ്വയംഭരണ വകുപ്പും ഫെലോഷിപ്പ് നൽകി വജ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലെ സാമൂഹ്യ കേന്ദ്രങ്ങളിൽ കലാപഠനത്തിൽ താല്പര്യമുള്ളവരെ പങ്കെടുപ്പിച്ച് കലാകേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സാധിക്കുന്നു. |

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രതിമാസം 1000/- രൂപ നൽകിയിരുന്ന കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് പെൻഷൻ തുക രണ്ട് ഘട്ടങ്ങളിലായി വർദ്ധിപ്പിച്ച് നിലവിൽ 3000/- രൂപ നിരക്കിൽ നൽകി വരുന്നു. ക്ഷേമനിധി ബോർഡിൽ നിന്നും അനുവദിച്ചിരുന്ന പരമാവധി ചികിത്സാ ധനസഹായം 75,000/- രൂപ ആയിരുന്നത് 1,50,000/- രൂപയായി വർദ്ധിപ്പിച്ചു. ഫാമിലി പെൻഷൻ 750/- രൂപ ആയിരുന്നത് 1100/-രൂപയാക്കി വർദ്ധിപ്പിച്ചു. ക്ഷേമനിധി ബോർഡ് മുഖേന പെൻഷൻ ലഭിച്ചിരുന്നവരുടെ എണ്ണം 1500 ൽ നിന്നും 2731 ആയി വർദ്ധിച്ചു. കൂടാതെ 106 പേർക്ക് കുടുംബ പെൻഷനും നൽകി വരുന്നു. മലബാർ പ്രദേശത്ത് 6 ജില്ലകളിൽ (പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്) സാംസ്കാരിക സമ്മേളനങ്ങൾ സംഘടിപ്പിച്ച് അവിടെയുള്ള കലാകാരന്മാർക്ക് ക്ഷേമനിധി അംഗത്വവും നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി കലാകാരന്മാരുടെ ക്ഷേമം നിലനിറുത്തുന്നതിന് പ്രതിമാസം 1000/-രൂപ പെൻഷൻ നൽകി വരുന്നു. കൂടാതെ ആരോഗ്യപരമായി അവശത അനുഭവിക്കുന്ന കലാകാരന്മാർക്ക് പരമാവധി 25,000/-രൂപ സാമ്പത്തിക സഹായം അനുവദിച്ചു വരുന്നു.

കേരള സംഗീത നാടക അക്കാദമി കലാകാരന്മാരുടെ ഇൻഷ്വറൻസ് പദ്ധതിയിലൂടെ ചികിത്സാസഹായം നൽകി വരുന്നു.

കേരള ഫോക് ലോർ അക്കാദമി നാടൻകലാരംഗത്ത് പ്രവർത്തിക്കുന്നവരും രോഗം മൂലം അവശത അനുഭവിക്കുന്നവരുമായ കലാകാരന്മാർക്ക് രോഗത്തിന്റെ കാഠിന്യം അനുസരിച്ച് പരമാവധി 25000/- രൂപ വരെ ചികിത്സാസഹായം അനുവദിച്ചു വരുന്നു.

നാടൻകല അഭ്യസിക്കുന്ന 10 വയസ്സു മുതൽ 15 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പ്രതിമാസം 300 രൂപ സ്റ്റൈപ്പന്റ് ഒരു വർഷത്തേയ്ക്ക് നൽകി വരുന്നുണ്ട്.

ഒരു വർഷത്തിൽ 100 ൽ കുറയാത്ത കലാസംഘങ്ങൾക്ക് ഗ്രാമങ്ങളിലെ വായനശാലകളിൽ/ക്ലബ്ബുകളിൽ പരിപാടി അവതരിപ്പിക്കാൻ ഫോക് ലോർ അക്കാദമി ചെലവിൽ അവസരം നൽകി വരുന്നു. നാടൻ കലകളിൽ പ്രാവീണ്യം നേടിയ കലാകാരന്മാർക്ക് പുരസ്കാരങ്ങൾ നൽകി വരുന്നു.

Madhu

**സെക്ഷൻ ഓഫീസർ**